കാലവർഷംമൂലം നെൽക്കൃഷിക്ക് ഉണ്ടായ നഷ്ടം

69 [1201] ശ്രീ. തോമസ് ചാഴികാടൻ:
" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷംമൂലം നെൽക്കൃഷിക്ക് വ്യാപകമായ നാശനഷ്ടമുണ്ടായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയുടെ നഷ്ടം സംഭവിച്ചെന്ന് വെളിപ്പെടുത്താമോ;

(സി) നെൽക്കൃഷിയുടെ വ്യാപകമായ നഷ്ടം നികത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ വിശദവിവരം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 36.07 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(സി ആന്റ് ഡി) ഉണ്ട്. നെൽക്കൃഷിക്കുണ്ടായ നാശനഷ്ടത്തിന് നഷ്ട പരിഹാരമായി നൽകിവന്ന ഹെക്ടറിന് 1,500 രൂപ എന്ന നിരക്ക് 3,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് 2003 റാബി സീസൺ മുതലുള്ള വിളകൾക്ക് നൽകി വരുന്നു. നഷ്ടപരിഹാരം നൽകുന്നതിനുള്ള ഭൂപരിധിയിൽ ഇളവ് അനുവദിച്ച് 25 ശതമാനമോ അതിലധികമോ കൃഷിനാശം സംഭവിച്ചവർക്ക് അടുത്ത വിളയിറക്കുന്നതിനുള്ള വിത്തും കുമ്മായവും സൗജന്യമായി നൽകിവരുന്നു.

ഇരിക്കൂർ മണ്ഡലത്തിലെ കൃഷി ഭവനുകളിൽ വിതരണം ചെയ്യാനുള്ള നഷ്ടപരിഹാര തുക

70 [1202] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകുന്ന നഷ്ടപരിഹാര തുക ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഓരോ കൃഷിഭവന് കീഴിലും എത്ര രൂപ വീതം നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) എന്നുമുതലുള്ള നഷ്ടപരിഹാരത്തുകയാണ് കുടിശ്ശികയായി നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നടുവിൽ പഞ്ചായത്തിലെ കൃഷിഭവനിൽ നഷ്ടപരിഹാര തുക വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly